## ജില്ലാ കളക്ടർ & ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി, ഇടുക്കിയുടെ നടപടിക്രമം.

**(ഹാജർ: എച്ച്. ദിനേശൻ ഐ എ എസ്)**

വിഷയം: കൊവിഡ് 19 – ഇടുക്കി ജില്ല - കൺടെയിൻമെൻറ് മേഖലകൾ വിജ്ഞാപനം ചെയ്ത്/വിടുതൽ ചെയ്ത് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം :
1) G.O (Ms) No. 18/2020/DMD തീയതി 17.06.2020
2) G.O (Rt) No. 691/2020/DMD തീയതി 01.09.2020
3) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 30/09/2020 ലെ 40-3/2020-DM- I (A) നമ്പർ ഉത്തരവ്.
4) ജില്ലാ മെഡിക്കൽ ഓഫീസർ (ആ) യുടെ 21/10/2020 തീയതിയിലെ അപേക്ഷ.

### ഉത്തരവ് നമ്പർ DCIDK/1640/2020 – DM1 തീയതി: 21-10-2020

കൊവിഡ് - 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ സംബന്ധിച്ച് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺടെയിൻമെന്റ് മേഖലകളിൽ നിലവിലെ ലോക്ക്ഡൌൺ നിയന്ത്രണങ്ങൾ **31.10.2020** വരെ ദീർഘിപ്പിച്ചും ആവശ്യമെങ്കിൽ പ്രസ്തുത മേഖലകളിൽ അധിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയും ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ കണ്ടെയ്ൻമെന്റ് മേഖലകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ കൊവിഡ് വ്യാപനം കണക്കിലെടുത്ത് കണ്ടെയ്ൻമെന്റ് മേഖലകളിൽ ഉൾപ്പെടുത്തേണ്ട/ ഒഴിവാക്കേണ്ട മേഖലകൾ സംബന്ധിച്ച് പരാമർശം (4) പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ജില്ലയിൽ സമ്പർക്കം മൂലമുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട്,ചെയ്ത സാഹചര്യത്തിൽ കണ്ടൈൻമെൻറ് മേഖലകളായി വിജ്ഞാപനം ചെയ്തിരുന്ന ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിൽ/ പ്രദേശങ്ങളിൽ കൂടുതലായി സമ്പർക്കത്തിലൂടെയുള്ള കോവിഡ് 19 പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത നിലവിലെ സാഹചര്യത്തിൽ **ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടൈൻമെൻറ് മേഖലകളിൽനിന്നും ഒഴിവാക്കി ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30 (2) (v) പ്രകാരം ഉത്തരവാകുന്നു.**

| **ക്രമ നമ്പർ** | **തദ്ദേശ സ്വയംഭരണ സ്ഥാപനം** | **കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല** |
|---|---|---|
| 1. | ചക്കുപള്ളം ഗ്രാമ | a) 2 -ാം വാർഡിൽ ഉൾപ്പെടുന്ന മാങ്കവല മുതൽ |

| | | |
|---|---|---|
| | പഞ്ചായത്ത് | മൌണ്ടൻ വാലി എസ്റ്റേറ്റ് വരെയുള്ള ഭാഗം (ചിറ്റാംപാറ റോഡിന് ഇരുവശവും)<br>b) 2, 13 വാർഡുകളിൽ ഉൾപ്പെടുന്ന മാങ്കവല മുതൽ പളിയകുടി അംഗൻവാടി വരെയുള്ള പ്രദേശം (7 -ാം മൈൽ റോഡിന് ഇരുവശവും)<br>c) 2, 14 വാർഡുകളിൽ ഉൾപ്പെടുന്ന മാങ്കവല മുതൽ എൻ.എസ്.കെ.പി എസ്റ്റേറ്റ് വരെയുള്ള ഭാഗം (മേലെ ചക്കുപള്ളം റോഡിന് ഇരുവശവും)<br>d) 13, 14 വാർഡുകളിൽ ഉൾപ്പെടുന്ന മാങ്കവല മുതൽ ഗവ. ട്രൈബൽ സ്കൂൾ, ചക്കുപള്ളം വരെയുള്ള ഭാഗം (മേനോൻ മേട് റോഡിന് ഇരുവശവും) |

ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകൾ/ പ്രദേശങ്ങൾ കണ്ടെയ്ൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖലകളായി തുടരുന്നതാണ്.

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | കണ്ടെയിൻമെന്റ്/ മൈക്രോ കണ്ടെയിൻമെന്റ് മേഖല |
|---|---|---|
| 1. | വണ്ടിപ്പെരിയാർ ഗ്രാമ പഞ്ചായത്ത് | 5 -ാം വാർഡിലെ വണ്ടിപ്പെരിയാർ ടൌൺ മുതൽ ചുരക്കുളം ആറ്റോരം വരെയുള്ള ഭാഗം. |
| 2. | മുട്ടം ഗ്രാമ പഞ്ചായത്ത് | 13 -ാം വാർഡിൽ ഉൾപ്പെട്ട<br>a) കളപ്പുര കോളനി ജംഗ്ഷൻ മുതൽ ഊരാക്കുന്ന് പള്ളി വരെയുള്ള ഇടപ്പള്ളി റോഡിന്റെ ഇടതുവശത്തുള്ള ഭാഗങ്ങൾ<br>b) ഊരാക്കുന്ന് പള്ളി ജംഗ്ഷൻ മുതൽ കോടതി ജംഗ്ഷൻ വരെയുള്ള തൊടുപുഴ - മൂലമറ്റം റോഡിന്റെ ഇടതുവശത്തുള്ള ഭാഗങ്ങൾ<br>c) കോടതി ജംഗ്ഷൻ മുതൽ കോടതിയിലേക്കുള്ള പാലം വരെ റോഡിന്റെ ഇടതുവശം |
| 3. | പെരുവന്താനം ഗ്രാമ പഞ്ചായത്ത് | 9 വാർഡുകൾ പൂർണ്ണം |
| 4. | അറക്കുളം ഗ്രാമ പഞ്ചായത്ത് | a) 12 -ാം വാർഡ് പൂർണ്ണം<br>b) 6, 13 വാർഡുകളിൽ ഉൾപ്പെട്ട വരുന്ന സെന്റ് ജോർജ്ജ് ക്രിസ്ത്യൻ പള്ളിക്ക് സമീപമുള്ള കലുങ്ക് മുതൽ മൂലമറ്റം ടൌൺ പൂർണ്ണമായും, പന്തലാഡിക്കൽ ഉള്ള ഇഷ്ടിക കമ്പനിയുടെ 151 -ാം നമ്പർ കെട്ടിടം മുതൽ 6 -ാം വാർഡ് അവസാനിക്കുന്ന 614 -ാം നമ്പർ കെട്ടിടം വരെയും ഉള്ള പ്രദേശം.<br>c) 14 - ാം വാർഡിൽ ഉൾപ്പെട്ട വരുന്ന തൊടുപുഴ — |

| | | |
|---|---|---|
| | | മൂലമറ്റം റോഡിൽ 12-ാം മൈൽ ജംഗ്ഷനിലുള്ള കൃഷിഭവൻ മുതൽ അശോക കവലയ്ക്ക് ശേഷമുള്ള കലുങ്ക് വരെയുള്ള റോഡിന് ഇരുവശവും ഉള്ള ഭാഗങ്ങൾ.<br>d) 2-ാം വാർഡിൽ ഉൾപ്പെട്ട വരുന്ന തൊടുപുഴ — ഇടുക്കി റോഡിൽ അശോക ജംഗ്ഷൻ മുതൽ രാമനിലയം വീട് (വീട് നം. 14/341) വരെയുള്ള റോഡിന് ഇരുവശവും ഉള്ള ഭാഗങ്ങൾ |
| 5. | പീരുമേട് ഗ്രാമ പഞ്ചായത്ത് | 16 -ാം വാർഡിൽ ഉൾപ്പെട്ട വരുന്ന<br>a) കുട്ടിക്കാനം - കുമളി റോഡിൽ കുട്ടിക്കാനം ടൌൺ മുതൽ തട്ടത്തിക്കാനം വരെയുള്ള ഭാഗങ്ങൾ.<br>b) കുട്ടിക്കാനം - ഏലപ്പാറ റോഡിൽ കുട്ടിക്കാനം ടൌൺ മുതൽ ആശ്രമം പള്ളി വരെയുള്ള ഭാഗങ്ങൾ.<br>c) കുട്ടിക്കാനം - മുണ്ടക്കയം റോഡിൽ കുട്ടിക്കാനം ടൌൺ മുതൽ ഐ.എച്ച്.ആർ.ഡി കോളേജ് വരെയുള്ള ഭാഗങ്ങൾ. |
| 6. | രാജാക്കാട് ഗ്രാമ പഞ്ചായത്ത് | a) 1, 5, 6 വാർഡുകൾ പൂർണ്ണമായും.<br>b) 7-ാം വാർഡിൽ ഉൾപ്പെട്ട വരുന്ന രാജാക്കാട് - അടിവാരം പാറമട റോഡിൽ കട്ടക്കയം മുതൽ പ്ലാംകുടി ഹൌസ് (വീട് നം 234/ബി)<br>c) 10 -ാം വാർഡിൽ ഉൾപ്പെട്ട വരുന്ന ചെറുപുറം അംഗൻവാടി മുതൽ മൂലവള്ളിയിൽ ജംഗ്ഷൻ വരെയുള്ള ഭാഗങ്ങൾ. |
| 7. | ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് | a) 15 -ാം വാർഡിൽ ഉൾപ്പെട്ട വരുന്ന കുളപ്പാറ - ശേഖരത്തുപാറ റോഡിന് വലത് വശത്തുള്ള തടത്തിക്കുടിയിൽ ഉണ്ണിയുടെ വീട് മുതൽ ശേഖരത്തുപാറ കോളനി ( ടി കോളനി ഉൾപ്പെടെ) വരെയുള്ള ഭാഗങ്ങൾ.<br>b) 13 - ാം വാർഡ് പൂർണ്ണമായും.<br>c) 12 - ാം വാർഡിൽ ഉൾപ്പെട്ട വരുന്ന തട്ടക്കുഴ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ജംഗ്ഷൻ മുതൽ കമ്പനിപ്പടി ജംഗ്ഷൻ വരെയുള്ള റോഡിന് ഇരു വശവും ഉള്ള ഭാഗങ്ങൾ. |
| 8. | അടിമാലി ഗ്രാമ പഞ്ചായത്ത് | 3,5,18 വാർഡുകളിൽ ഉൾപ്പെട്ട വരുന്ന.<br>a) 3 -ാം വാർഡിലെ ഇരുമ്പ് പാലം മുതൽ മേക്കന്നേൽ പടി, മുത്തിക്കാട്, പ്ലാന്റേഷൻ, അമ്പലപ്പടി, ചില്ലിത്തോട് ചുറ്റി ഇരുമ്പ് പാലം എത്തിച്ചേരുന്ന റോഡിന് ഉൾവശത്തുള്ള ഭാഗങ്ങൾ<br>b) 5 -ാം വാർഡിൽ ഉൾപ്പെട്ട വരുന്ന കോതമംഗലം - അടിമാലി റോഡിൽ ഇരുമ്പ് പാലം ടൌൺ മുതൽ 14 -ാം മൈൽ ആലിൻച്ചുവട് വരെയുള്ള റോഡിന് ഇടതുവശത്തുള്ള ഭാഗങ്ങൾ.<br>c) 5 -ാം വാർഡിൽ ഉൾപ്പെട്ട വരുന്ന വൈക്കലാംകണ്ടം - |

| | | |
|---|---|---|
| | | തൈക്കാവും പടി റോഡിൽ 14 -ാം മൈൽ മുതൽ തൈക്കാവും പടി വരെയുള്ള റോഡിന് ഇരുവശങ്ങളിലുമുള്ള ഭാഗങ്ങൾ.<br>d) 5 -ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന ഇരുമ്പ് പാലം ടൌൺ മുതൽ ചില്ലിത്തോട് സ്കൂൾ വരെയുള്ള റോഡിന് വലതു വശത്തുള്ള ഭാഗങ്ങൾ.<br>e) 18 -ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന മൂന്നാർ വാലി (CFLTC അടിമാലി) മുതൽ ഇരുമ്പ്പാലം, മിനി കോളനി പാലം വഴി ഹസൈനാർ മൈലാടിയുടെ വീട് വരെയുള്ള റോഡിന് ഇടത് വശത്തുള്ള ഭാഗങ്ങൾ.<br>f) 18 -ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന ശ്രീ. സുകുമാരൻ, ഇടപ്പറമ്പത്തിന്റെ വീട് മുതൽ മെഴുകുംചാൽ - റെനിപ്പടി റോഡ് വഴി റെനിപ്പടി വരെയുള്ള റോഡിന് ഇരുവശങ്ങളിലുമുള്ള ഭാഗങ്ങൾ.<br>g) 18 -ാം വാർഡിൽ ഉൾപ്പെട്ടു വരുന്ന റെനിപ്പടി മുതൽ റെനിപ്പടി - മുനിയറച്ചാൽ റോഡ് വഴി ശ്രീ. തങ്കച്ചൻ, പ്ലാച്ചേരിൽ ന്റെ വീട് വരെയുള്ള റോഡിന് വലതു വശത്തുള്ള ഭാഗങ്ങൾ. |

**കൺടെയിൻമെന്റ് മേഖലകൾ ഒഴികെയുള്ള ജില്ലയുടെ മറ്റ് മേഖലകളിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളും ഇളവുകളും ബാധകമായിരിക്കുന്നതാണ്.**

ഈ ഉത്തരവിന് ഇന്നേ ദിവസം **(21.10.2020)** മുതൽ കണ്ടെയ്ൻമെൻറ് മേഖലയിൽ നിന്നും പ്രസ്തുത കണ്ടെയ്ൻമെൻറ്/ മൈക്രോ കണ്ടെൻമെൻറ് മേഖലകളെ ഒഴിവാക്കുന്നതുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

ജില്ലാ കളക്ടർ & ചെയർമാൻ
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി

സ്വീകർത്താക്കൾ -

1. ജില്ലാ പോലീസ് മേധാവി, ഇടുക്കി
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ), ഇടുക്കി
3. സബ് കളക്ടർ, ദേവികുളം.
4. റവന്യൂ ഡിവിഷണൽ ഓഫീസർ, ഇടുക്കി.
5. എല്ലാ തഹസിൽദാർമാർക്കും.
6. സെക്രട്ടറി, തൊടുപുഴ/കട്ടപ്പന നഗരസഭ.
7. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് (ഡിഡിപി മുഖേന)
8. ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് (തഹസിൽദാർ മുഖേന)

പകർപ്പ് -

1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ഇടുക്കി, തൊടുപുഴ
2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ഇടുക്കി (പ്രസിദ്ധീകരണത്തിനായി)
3. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി, ഇടുക്കി (ജില്ലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫെയ്സ്ബുക്ക് പേജിലേക്ക്